പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: **2541**

**19.03.2015** ൽ മറുപടിക്ക്

**കാസർഗോഡ് ജില്ലയിൽ കടൽഭിത്തി നിർമ്മാണം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) | | ശ്രീ.പി.ജെ.ജോസഫ് (ജലവിഭവവകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിൽ ഏതൊക്കെ ഭാഗങ്ങളിൽ ഇനി കടൽഭിത്തി നിർമ്മിക്കാനുണ്ട്; വിശദാംശങ്ങൾ അറിയി ക്കാമോ; | (എ) | കാസർഗോഡ് ജില്ലയിൽ മഞ്ചേശ്വരം താലൂക്കിൽ മുസോഡി കടപ്പുറം മണിമുണ്ട, ബെരീക്ക, കൊയിപ്പാടി-നാങ്കി, കൊപ്പളം എന്നിവിടങ്ങളിലായി മൊത്തം 3696 മീറ്റർ നീളത്തിലും കാസറഗോഡ് താലൂക്കിൽ കാവുഗോളി, ചേരങ്കൈ, കസബ, ചെമ്പരിക്ക എന്നിവിടങ്ങളിലായി 4600 മീറ്റർ നീളത്തിലും ഹോസ്ദുർഗ് താലൂക്കിൽ കൊവ്വൽ-കൊപ്പൽ, തൃക്കണ്ണാട്, ചിത്താരി, അജാനൂർ, മരക്കാപ്പ്, തൈക്കടപ്പുറം, അഴിത്തല, മാവില, വലിയപറമ്പ ഉദിനൂർ കന്നുവീട് എന്നിവിടങ്ങളിലായി 14050 മീറ്റർ നീളത്തിലുമായി മൊത്തം 22,346 കിലോമീറ്റർ നീളത്തിൽ കടൽഭിത്തി നിർമ്മിക്കേണ്ടതുണ്ട്. |
| (ബി) | കഴിഞ്ഞ കാലവർഷത്തിൽ ജില്ലയിലെ ഏതൊക്കെ ഭാഗങ്ങളിലാണ് രൂക്ഷമായ കടലാക്രമണം നടന്നിട്ടുള്ളത്; ഈ ഭാഗങ്ങളിൽ കടൽഭിത്തി നിർമ്മിക്കുന്നതിന് എന്തെ ങ്കിലും നടപടി സ്വീകരി ച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ? | (ബി) | കഴിഞ്ഞ കാലവർഷത്തിൽ ജില്ലയിൽ മഞ്ചേശ്വരം താലൂക്കിൽ മണിമുണ്ട, നാങ്കി, കൊപ്പളം, കാസറഗോഡ് താലൂക്കിൽ കാവുഗോളി, ചേരങ്കൈ, കസബ എന്നിവിടങ്ങളിലും ഹോസ്ദുർഗ് താലൂക്കിൽ കൊവ്വൽ-കൊപ്പൽ, ചിത്താരി, തൈക്കടപ്പുറം എന്നീ ഭാഗങ്ങളിലാണ് രൂക്ഷമായ കടലാക്രമണം നടന്നിട്ടുള്ളത്.<br>ഈ ഭാഗങ്ങളിൽ കടൽഭിത്തി നിർമ്മിക്കുന്നതിനും ചെമ്പരിക്ക കടപ്പുറത്ത് 460 മീറ്റർ നീളത്തിൽ 240 ലക്ഷം രൂപയ്ക്കും ബെരീക്ക കടപ്പുറത്ത് 400 മീറ്റർ നീളത്തിൽ 230 ലക്ഷം രൂപയ്ക്കും ചേരങ്കൈ കടപ്പുറത്ത് 1950 മീറ്റർ നീളത്തിൽ 1100 ലക്ഷം രൂപയ്ക്കും തൈക്കടപ്പുറം 670 മീറ്റർ 370 ലക്ഷം രൂപയ്ക്കുമുള്ള വിശദമായ എസ്റ്റിമേറ്റ് |

തയ്യാറാക്കിയെങ്കിലും ഫണ്ടിന്റെ അപര്യാപ്തതമൂലം അനുമതി ലഭിക്കുകയുണ്ടായില്ല.

നബാർഡ് RIDF-XX ൽ ഉൾപ്പെടുത്തി അംഗീകാരത്തിനായി മണിമുണ്ട കടപ്പുറത്ത് 400 ലക്ഷം രൂപയ്ക്കും, നാങ്കി, കൊപ്പളം കടപ്പുറങ്ങളിൽ 800 ലക്ഷം രൂപയ്ക്കും കാവുഗോളി കടപ്പുറത്ത് 220 ലക്ഷം രൂപയ്ക്കും കൊവ്വൽ-കൊപ്പൽ കടപ്പുറത്ത് 296 ലക്ഷം രൂപയ്ക്കും ചിത്താരി കടപ്പുറത്ത് 595 ലക്ഷം രൂപയ്ക്കും തൈക്കടപ്പുറത്ത് 525 ലക്ഷം രൂപയ്ക്കുമുള്ള പ്രൊപ്പോസലുകൾ തയ്യാറാക്കിയെങ്കിലും ഫണ്ടിന്റെ അപര്യാപ്തതമൂലം അനുമതി ലഭിക്കുകയുണ്ടായില്ല.

ചെമ്പരിക്ക കടപ്പുറത്ത് 240 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയെങ്കിലും ഫണ്ടിന്റെ അപര്യാപ്തതമൂലം അനുമതി ലഭിക്കുകയുണ്ടായില്ല.

സെക്ഷൻ ഓഫീസർ